അപേക്ഷിച്ച് താരതമ്യേന കുറവായിരുന്നതുകൊണ്ടുമാണ് ബംഗാൾഗ്രാം സ്മോൾ നിർത്തലാക്കിയത്. ഇന്ത്യയിലെ കൃഷിക്കാർ ഉൽപ്പാദിപ്പിച്ച ഉൽപ്പന്നങ്ങൾ ഉൽപ്പാദന കേന്ദ്രങ്ങളിൽനിന്ന് നേരിട്ട് ലഭ്യമാക്കാനുള്ള നടപടികളുടെ ഭാഗമായാണ് ചെറുപയർ, പീസ്ദാൾ എന്നിവയുടെ ഇറക്കുമതി നിർത്തലാക്കിയത്.

**അന്ത്യോദയ പദ്ധതിയും ഗോതമ്പ് വിതരണവും**

58 [2808] *ശ്രീ. ലൂഡി ലൂയിസ്:*

,, *കെ. സി. ജോസഫ്:*

,, *എം. എം. ഹസ്സൻ:*

*ശ്രീമതി മേഴ്സി രവി:*

*ശ്രീ ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ത്യോദയ പദ്ധതിപ്രകാരം എത്ര കാർഡ് ഉടമകൾക്ക് റേഷൻ നൽകുന്നുണ്ട്;

(ബി) ഇവർക്ക് ഗോതമ്പ് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) സംസ്ഥാനം ആവശ്യപ്പെടുന്നപക്ഷം കിലോയ്ക്ക് 2 രൂപ 50 പൈസ നിരക്കിൽ 3½ കിലോ വീതം ഗോതമ്പും ആഴ്ചതോറും നൽകാൻ കേന്ദ്രം തയ്യാറാണെന്നുള്ള റേഷൻ ഡീലേഴ്സ് അസോസിയേഷന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ നിരക്കിൽ ഗോതമ്പ് ലഭിക്കാനുള്ള സാധ്യതയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ?

*ഉത്തരം*

(എ) 471,800 കാർഡ് ഉടമകൾക്ക് റേഷൻ നൽകുന്നുണ്ട്.

(ബി) ഇല്ല. അന്ത്യോദയ അന്നയോജന പദ്ധതിപ്രകാരം വിതരണം നടത്തുന്നതിനായി കേന്ദ്ര സർക്കാർ അരി മാത്രമാണ് ഇപ്പോൾ അനുവദിച്ചു നൽകുന്നത്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly